**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)

**മുപ്പത്തിമൂന്നാമത് റിപ്പോർട്ട്**

(2024 ജൂലൈ 4-ാം തീയതി സമർപ്പിച്ചത്)

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2021-2023)യുടെ ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
(2023-2026)

## മുപ്പത്തിമൂന്നാമത് റിപ്പോർട്ട്
(2024 ജൂലൈ 4-ാം തീയതി സമർപ്പിച്ചത്)

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2021-2023)യുടെ
ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

901/2024.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 117/2024) | .. | 23 |
| അനുബന്ധം II (എസ്.ആർ.ഒ. നമ്പർ 118/2024) | .. | 35 |
| അനുബന്ധം III (എസ്.ആർ.ഒ. നമ്പർ 119/2024) | .. | 37 |
| അനുബന്ധം IV (എസ്.ആർ.ഒ. നമ്പർ 120/2024) | .. | 39 |
| അനുബന്ധം V (എസ്.ആർ.ഒ. നമ്പർ 121/2024) | .. | 43 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

**ഘടന**

ചെയർമാൻ :

ശ്രീ. എം. എം. മണി, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)യുടെ ചെയർമാനായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2021-2023)യുടെ 2020-ലെ ദി കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി റൂൾസിന്റെ സൂക്ഷ്മ പരിശോധന സംബന്ധിച്ചുള്ള ഇരുപതാമത് റിപ്പോർട്ട് 2023 ആഗസ്റ്റ് 10-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി 22-5-2024-ലെ യോഗത്തിൽ കമ്മിറ്റി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും കൂടാതെ അന്തിമ മറുപടി ലഭിക്കാതെയുള്ള ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2024 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജൂലൈ 4.

# റിപ്പോർട്ട്

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2021-2023)യുടെ ഇരുപതാമത് റിപ്പോർട്ട് 10-8-2023-ന് സഭയിൽ സമർപ്പിച്ചു. ഹജ്ജ് കർമ്മത്തിന് പോകുന്ന മുസ്ലീം തീർത്ഥാടകർക്കുവേണ്ട സജ്ജീകരണങ്ങൾ ഒരുക്കുന്നതിനായി ഒരു ഇന്ത്യൻ ഹജ്ജ് കമ്മിറ്റിയും സംസ്ഥാന ഹജ്ജ് കമ്മിറ്റികളും രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ്, 1959-ലെ ഹജ്ജ് കമ്മിറ്റി ആക്റ്റ് (1959-ലെ 51-ാം കേന്ദ്ര ആക്റ്റ് ) റദ്ദാക്കിക്കൊണ്ട്, 2002-ലെ ഹജ്ജ് കമ്മിറ്റി ആക്റ്റ് (2002-ലെ 35-ാം കേന്ദ്ര ആക്റ്റ് ) 11-6-2022-ൽ നിലവിൽ വന്നത്. പ്രസ്തുത ആക്റ്റിലെ വിവിധ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച 808/2020 (ദി കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി റൂൾസ്, 2020), 339/2022 [ദി കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി (അമെന്റ്മെന്റ്) റൂൾസ്, 2022], 740/2021, 746/2021, 806/2021 എന്നീ നമ്പർ എസ്.ആർ.ഒ.കൾ 4-4-2023 തീയതിയിൽ ചേർന്ന സമിതി യോഗം സൂക്ഷ്മ പരിശോധന നടത്തുകയും പൊതുഭരണ (ന്യൂനപക്ഷ ക്ഷേമം), നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്.ആർ.ഒ.-കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിയ്ക്ക് ബോധ്യപ്പെട്ട വസ്തുതകളാണ് സമിതിയുടെ ശിപാർശകളും നിഗമനങ്ങളുമായി ഇരുപതാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന്റെ 20-3-2024 തീയതിയിലെ എം.ഡബ്ല്യൂ.2/58/2023/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-5-2024-ലെ സമിതി യോഗം പരിഗണിക്കുകയും ശിപാർശ ഖണ്ഡിക 2 മുതൽ 90 വരെയുള്ളവയിൽ 10,41 എന്നീ ഖണ്ഡികകൾ ഒഴികെയുള്ള ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി അംഗീകരിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും അദ്ധ്യായം I ആയും സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭിക്കാതെയുള്ള സമിതി ശിപാർശകളും ആയതിലുള്ള സമിതിയുടെ തുടർ ശിപാർശകളും അദ്ധ്യായം II ആയും ചേർത്തിരിക്കുന്നു.

## അദ്ധ്യായം - I

**സമിതി (2021-2023)-യുടെ ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ മറുപടി എന്നിവ ചുവടെ ചേർക്കുന്നു.**

### എസ്.ആർ.ഒ. നമ്പർ 808/2020

### (ദി കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി റൂൾസ്, 2020)

**ശിപാർശ (ഖണ്ഡിക 2)**

2002-ലെ ഹജ്ജ് കമ്മിറ്റി ആക്റ്റ് നിലവിൽ വന്ന് നീണ്ട പതിനെട്ട് വർഷം കഴിഞ്ഞതിനുശേഷമാണ് ദി കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി റൂൾസ്, 2020

രൂപീകരിച്ചതെന്ന് സമിതി നിരീക്ഷിക്കുന്നു. ദി കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി റൂൾസിന്റെ കരട് നിരവധി തവണ സൂക്ഷ്മപരിശോധനയ്ക്കും അംഗീകാരത്തിനായും കേന്ദ്ര സർക്കാരിലേക്ക് അയയ്ക്കേണ്ടി വന്നതിനാലാണ് പ്രസ്തുത ചട്ടം രൂപീകരിക്കുന്നതിൽ കാലതാമസം നേരിട്ടതെന്ന് സമിതി മനസ്സിലാക്കുന്നു. എങ്കിലും, ഒരു നിയമം നിലവിൽ വന്നതിനുശേഷം അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സബോർഡിനേറ്റ് ലെജിസ്ലേഷൻ പ്രക്രിയയ്ക്ക് നീണ്ട പതിനെട്ട് വർഷ കാലയളവ് വേണ്ടിവരുന്നത് എന്ത് കാര്യത്തിനാണോ നിയമനിർമ്മാണം നടത്തിയത്, അതിന്റെ ഉദ്ദേശ്യലക്ഷ്യത്തെ നിഷ്ഫലമാക്കുന്നതിന് തുല്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക 3)**

2020 ഒക്ടോബർ 23-ലെ ജി.ഒ.(പി.)17/2020/ജി.എ.ഡി. നമ്പരായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് 17 ദിവസങ്ങൾക്കുശേഷം, നവംബർ 9-ാം തീയതിയിലാണ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് പതിനെട്ട് വർഷ കാലയളവ് വേണ്ടിവന്നതിനോടൊപ്പം പ്രസ്തുത ചട്ടങ്ങളുടെ ഉത്തരവ് എസ്.ആർ.ഒ. നമ്പർ 808/2020 ആയി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിലും 17 ദിവസത്തെ കാലതാമസം ഉണ്ടായതായി സമിതി കണ്ടെത്തി. സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന അന്നുതന്നെ ഇ-ഗസറ്റ് ആയി പ്രസിദ്ധപ്പെടുത്താൻ സാധിക്കുന്ന ഈ കാലഘട്ടത്തിൽ, ഉത്തരവ് പുറപ്പെടുവിച്ച് 17 ദിവസത്തിനുശേഷം ഗസറ്റ് വിജ്ഞാപനം ചെയ്തത് ന്യായീകരിക്കുവാൻ സാധിക്കുന്നതല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഭാവിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന ദിവസമോ അല്ലെങ്കിൽ അതിന് തൊട്ടടുത്ത പ്രവൃത്തി ദിവസമോ തന്നെ ഗസറ്റ് വിജ്ഞാപനം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഭാവിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന ദിവസമോ അല്ലെങ്കിൽ അതിന് തൊട്ടടുത്ത പ്രവൃത്തി ദിവസമോ തന്നെ ഗസറ്റ് വിജ്ഞാപനം ചെയ്യുന്ന കാര്യം ശ്രദ്ധിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക 4)**

'The Government of Kerala' എന്നത് ഏകവചനമായതിനാൽ, The Kerala State Haj Committee Rules, 2020-ന്റെ പീഠികയിലെ മൂന്നാം വരിയിലെ 'make' എന്നത് 'makes' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 5)**

ചട്ടം 1-ന്റെ തലക്കെട്ടിലെ 'commencements' എന്നത് 'commencement' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 6)**

ആക്ടിലെ 29(1)-ാം വകുപ്പിൽ State Committee-ലെ എക്സിക്യൂട്ടീവ് ഓഫീസറെ കുറിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടം 2(1)(d)-ലെ Executive Officer-ന്റെ നിർവ്വചനത്തിലെ 'Committee' എന്നത് 'State Committee' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 7)**

ചട്ടം 3(1)-ന്റെ തലക്കെട്ടിനുശേഷം, സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി അംഗങ്ങളുടെ എണ്ണവും ഏത് വകുപ്പ് പ്രകാരമാണ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നതെന്നും ഉൾപ്പെടുത്തി, 'The Kerala State Haj Committee shall consist of the following sixteen members nominated by the Government, as provided under section 18 of the Act, namely:' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 8)**

ചട്ടം 3(1)(b)-ലെ 'legislative' എന്ന വാക്ക് വകുപ്പ് 18(1)(i)(b)-ലേതുപോലെ 'Legislative' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 9)**

ചട്ടം 3(1)(c) -ലെ 'Local Bodies' എന്ന വാക്കുകൾ വകുപ്പ് 18(1)(ii)-ലേതുപോലെ 'local bodies' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 10)**

ചട്ടം 3(1)(d)-ലെ 'Shiya' എന്ന വാക്ക് വകുപ്പ് 18(1)(iii)-ലേതുപോലെ 'Shia' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 11)**

ചട്ടം 3(1)(e)-ലെ 'Social work.' എന്ന വാക്ക് 'Social Work;' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 12)**

ചട്ടം 3(1)(f)-ലെ 'Wakaf' എന്ന വാക്ക് വകുപ്പ് 18(1)(v)-ലേതുപോലെ 'Wakf' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 13)**

ചട്ടം 3(1)-ന്റെ തുടർച്ചയാണ് (a) മുതൽ (f) വരെ എന്നതിനാൽ, അവയുടെ ആദ്യ വാക്കിന്റെ ആദ്യ അക്ഷരം, വകുപ്പ് 18(1)-ലേതുപോലെ, small letter (One-one, Two-two, Three-three, Five-five, The-the) ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 14)**

യോഗം നടക്കുന്ന തീയതികൂടി ചട്ടം 4(1) പ്രകാരമുള്ള നോട്ടീസിൽ ഉൾപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ചട്ടം 4(1)-ലെ അഞ്ചാം വരിയിലെ 'the time' എന്നത് 'the date, time' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 15)**

ചട്ടം 3(1)(g) പ്രകാരം സ്റ്റേറ്റ് കമ്മിറ്റിയിലെ എക്സിക്യൂട്ടീവ് ഓഫീസറാണ് സ്റ്റേറ്റ് കമ്മിറ്റിയിലെ ex-officio അംഗമെന്നും അതായത് സ്റ്റേറ്റ് കമ്മിറ്റിയിൽ ഒരു ex-officio അംഗം മാത്രമാണ് ഉള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, വകുപ്പ് 21(1)-ലെ ക്ലിപ്ത നിബന്ധനയിലേതുപോലെ, ചട്ടം 4(1)-ന്റെ ക്ലിപ്ത നിബന്ധനയിലെ 'the *ex officio* members' എന്നത് 'an ex-officio member' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 16)**

വകുപ്പ് 21-ൽ സ്റ്റേറ്റ് കമ്മിറ്റിയുടെ ചെയർപേഴ്സനെ കുറിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടം 4(4)-ലെ അവസാന വരിയിലെ 'Chairman' എന്നത് 'Chairperson' എന്നും ചട്ടം 4(5)-ലെ ഒന്നാം വരിയിലെ 'chairperson' എന്നത് 'Chairperson' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 17)**

വകുപ്പ് 22-ൽ സ്റ്റേറ്റ് കമ്മിറ്റിയുടെ reconstitution-നെ കുറിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ചട്ടം 5-ലെ തലക്കെട്ടായ '*Renomination of the Members'* എന്നത് *'Reconstitution of the State Committee'* എന്നും ഒന്നാം വരിയിലെ 'The renomination of the members' എന്നത് 'The reconstitution of the State Committee' എന്നുമാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ,

'5. *Reconstitution of the State Committee.-* The reconstitution of the State Committee provided in section 22 of the Act shall be regulated as follows, namely:-' എന്ന് ചട്ടം 5-ൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 18)**

ചട്ടം 5 (a) -ലെ രണ്ടാം വരിയിലെ '4 months' എന്നത് വകുപ്പ് 22(1) -ലേതുപോലെ, 'four months' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 19)**

ചട്ടം 5(b)-ലെ ഒന്നാം വരിയിലെ 'renomination of the committee' എന്നത് വകുപ്പ് 22(2)-ലേതുപോലെ 're-nomination of the State Committee' എന്നും രണ്ടാം വരിയിലെ 'Provided that fifty percent---' എന്ന് തുടങ്ങുന്ന ക്ലിപ്ത നിബന്ധന അടുത്ത വരിയായി ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 20)**

ചട്ടം 5(d) -ലെ ഒന്നാം വരിയിലെ 'renominated' എന്നത് വകുപ്പ് 22(2) -ലെ ക്ലിപ്ത നിബന്ധനയിലേതുപോലെ 're-nominated' എന്നും രണ്ടാം വരിയിലെ 'being' എന്നത് വകുപ്പ് 18(1)(iii) -ലേതുപോലെ 'having' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 21)**

ചട്ടം 5(d)-ലെ അഞ്ചാം വരിയിലെ 'Social work' എന്നത് 18(1)(iv)-ലേതുപോലെ 'social work' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 22)**

ചട്ടം 5-ന്റെ തുടർച്ചയാണ് (a) മുതൽ (d) വരെ എന്നതിനാൽ, അവയുടെ ആദ്യ വാക്കിന്റെ ആദ്യ അക്ഷരം വകുപ്പ് 18(1)-ലേതുപോലെ small letter (The-the, An- an, The-the, At least- at least) ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 23)**

ചട്ടം 6, ആക്ടിലെ വകുപ്പ് 23 (Disqualification for being nominated, or for continuing, as a member of the Committee)-ന്റെ ആവർത്തനമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, ചട്ടം 6 ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 24)

ചട്ടം7(1) -ലെ മൂന്നാം വരിയിലെ 'Chairperson' എന്നതിനുശേഷം '.' ചിഹ്നം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 25)

'Provided that the Chairperson may, whenever he considers necessary meetings of the Committee on any day fixed by him shall, on the written requisition of not less than one-third of the members of the Committee, call an extraordinary meeting on a date not later then four days after such requisition' എന്നതാണ് ചട്ടം 7(2)-ലെ ക്ലിപ്ത നിബന്ധന എന്ന് സമിതി നിരീക്ഷിക്കുന്നു. Extraordinary meeting ചേരുന്നതിനുള്ള പ്രസ്തുത ക്ലിപ്ത നിബന്ധനയ്ക്ക് കൂടുതൽ വ്യക്തത വരുത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ചട്ടം 7(2)-ലെ ക്ലിപ്ത നിബന്ധന, 'Provided that the Chairperson may fix an extraordinary meeting of the Committee on receiving a written requisition by at least one-third of the members of the State Committee. Such meeting should be convened on a date not later than four days from the date of receipt of such requisition.' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 26)

ചട്ടം 8(1)-ലെ അവസാന വാക്കായ 'meeting' എന്നതിനുശേഷം '.' ചിഹ്നം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 27)

ആക്റ്റിലെ 28-ാം വകുപ്പ് (4)-ാം ഉപവകുപ്പിലേതുപോലെ, ചട്ടം 8(4)-ലെ ഒന്നാം വരിയിലും 'the consent of' എന്നതിനുശേഷം 'a majority of' എന്ന് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 28)

ചട്ടം 9-ന് മറ്റ് ഉപവകുപ്പുകളില്ലാത്തതിനാൽ, ചട്ടം 9-ലെ '(1)' എന്നതും രണ്ടാം വരിയിലെ attending എന്ന വാക്കിനുശേഷമുള്ള ',' ചിഹ്നവും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 29)**

ചട്ടം 9(1)-ന്റെ നാലാം വരിയിലെ 'State;' എന്നത് 'State:' എന്നും ഒന്നാം ക്ലിപ്ത നിബന്ധനയിലെ ഒന്നാം വരിയിലെ 'member of Parliament' എന്നത് 'Member of Parliament' എന്നും മൂന്നാം വരിയിലെ 'House of the people' എന്നത് 'House of the People' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 30)**

ചട്ടം 9(1)-ന്റെ അവസാന ക്ലിപ്ത നിബന്ധനയിലെ രണ്ടാം വരിയിലെ 'abroad travel' എന്നത് രണ്ടാം ക്ലിപ്ത നിബന്ധനയിലേതുപോലെ 'travel abroad' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 31)**

ചട്ടം 10-ന്റെ തലക്കെട്ടായ '*Terms and conditions of Services of Executive Officers*' എന്നത് '*Terms and Conditions of Service of the Executive Officer* ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 32)**

ചട്ടം 10(1)-ലെ മൂന്നാം വരിയിലെ 'to the executive officer of the state committee;' എന്നത് 'to be the Executive Officer of the State Committee:' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 33)**

ചട്ടം 10(1)-ലെ മൂന്നാം വരിയിലെ 'Provided that ....' എന്ന് തുടങ്ങുന്ന ക്ലിപ്ത നിബന്ധന, അടുത്ത വരിയായി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 34)**

സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിൽ ഒരാൾ മാത്രമേ എക്സിക്യൂട്ടീവ് ഓഫീസറായി പ്രവർത്തിക്കുന്നുള്ളൂവെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടം 10(2)(i)-ലെ ഒന്നാം വരിയിലെ 'Executive Officers' എന്നത് 'Service of Executive Officer' എന്നും രണ്ടാം വരിയിലെ 'Condition' എന്നത് 'Conditions' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 35)**

ചട്ടം 10(3) പ്രകാരം എക്സിക്യൂട്ടീവ് ഓഫീസറിന് എതിരെയുള്ള അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സെക്രട്ടറി അന്വേഷണം നടത്തണമെന്ന്

വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഏത് വകുപ്പിലെ ഗവൺമെന്റ് സെക്രട്ടറിയാണ് അന്വേഷണം നടത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ലെന്ന് സമിതി കണ്ടെത്തി. അതിനാൽ, ചട്ടം 10(3)-ലെ രണ്ടാം വരിയിലെ 'the Secretary to the Government' എന്നത് 'the Secretary to the Government in the General Administration Department' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 36)**

ചട്ടം 10(3)-ലെ അഞ്ചാം വരിയിലെ '(Classification Control and Appeal)' എന്നതിലെ Classification Control എന്നീ വാക്കുകൾക്ക് ഇടയിൽ ',' ചിഹ്നം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 37)**

ചട്ടം 10(4)-ലെ രണ്ടാം വരിയിലെ '2/3' എന്നത് 'two-third' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 38)**

ചട്ടം 10(5)-ലെ Servant എന്നത് Servants' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 39)**

Casual leave rules-ഉം leave rules-ൽ ഉൾപ്പെടുമെന്നതിനാൽ, ചട്ടം 12(1)-ലെ 'the rules relating to casual leave for Government servants and the leave rules' എന്നത് 'The rules relating to leave' എന്നും നാലാം വരിയിലെ 'committee' എന്നത് 'Committee' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 40)**

ഒരു ഉപവകുപ്പിന്റെ ആരംഭമായതിനാൽ, ചട്ടം 14(1)-ലെ ഒന്നാം വരിയിലെ ആദ്യ വാക്കായ 'the' എന്നത് 'The' എന്നും രണ്ടാം വരിയിലെ 'its employees' എന്നത് 'the employees' എന്നും മൂന്നാം വരിയിലെ 'committee' എന്നത് 'Committee' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ഖണ്ഡിക നം. 4 മുതൽ 40 വരെ)**

5-2-2024 തീയതിയിലെ എസ്.ആർ.ഒ. നം. 117/2024 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം -I)

**ശിപാർശ (ഖണ്ഡിക 41)**

ചട്ടം 14 പ്രകാരം, ഹജ്ജ് കമ്മിറ്റിയുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായതും ഹജ്ജ് ഫണ്ട് അക്കൗണ്ടിൽ നിന്നും ശമ്പളവും ബത്തകളും നൽകേണ്ടതുമായ സ്ഥിരം/ താൽക്കാലിക ജീവനക്കാരുടെ എണ്ണവും തസ്തികകളുടെ പേരും ശമ്പള സ്കെയിലും യോഗ്യതയും നിയമനരീതിയും നിശ്ചയിച്ചുകൊണ്ടുള്ള വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഹജ്ജ് കമ്മിറ്റിയുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രസ്തുത ജീവനക്കാരുടെ നിയമനത്തിനുള്ള വിശേഷാൽ ചട്ടങ്ങൾ (Special Rules) അടിയന്തരമായി പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

**ശിപാർശ (ഖണ്ഡിക 42)**

ചട്ടം 14(1) പ്രകാരമുള്ള പ്രൊപ്പോസലാണ് sub rule(2) പ്രകാരം കമ്മിറ്റി സർക്കാരിന് സമർപ്പിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടം 14(4)-ലെ ഒന്നാം വരിയിലെ 'sub rule (1) and (2)' എന്നത് 'sub rule (2)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 43)**

ചട്ടം 14(2)-ലെ ഒന്നാം വരിയിലെ 'cadre strength' എന്നതിന് കൂടുതൽ വ്യക്തതയ്ക്കായി, 'proposals in sub rule (1)' എന്നും ചട്ടം 14(3)-ലെ ഒന്നാം വരിയിലെ 'any changes' എന്നത് 'any change' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 44)**

ചട്ടം 14(6)-ലെ രണ്ടാം വരിയിലെ 'Rules 1960' എന്നത് 'Rules, 1960' എന്നും Servants എന്നത് Servants' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 45)**

സാമ്പത്തിക വർഷം തുടങ്ങുന്നതിന് കുറഞ്ഞത് അറുപത് ദിവസങ്ങൾക്ക് മുൻപ്, അതായത് ജനുവരി 31-ന് മുൻപ്, ബജറ്റ് പ്രൊപ്പോസൽ എക്സിക്യൂട്ടീവ് ഓഫീസർ ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്ന് ചട്ടം 15(1)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിലും ബജറ്റ് പ്രൊപ്പോസൽ ഹജ്ജ് കമ്മിറ്റി പരിശോധിച്ചതിനുശേഷം സെപ്റ്റംബർ മാസത്തെ ആദ്യ ആഴ്ച തന്നെ അതിന്റെ ഒരു പകർപ്പ് സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്ന്

ചട്ടം 15(2)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിലും തമ്മിൽ വൈരുദ്ധ്യമുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ജനുവരി 31-ന് മുൻപ് കമ്മിറ്റിക്ക് സമർപ്പിക്കുന്ന ബജറ്റ് പ്രൊപ്പോസൽ, കമ്മിറ്റി പരിശോധിച്ചതിനുശേഷം സെപ്റ്റംബർ മാസത്തെ ആദ്യ ആഴ്ച തന്നെ സർക്കാരിലേക്ക് അയയ്ക്കുന്നത് പ്രായോഗികമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ കൂടുതൽ വ്യക്തതയ്ക്കായി, ചട്ടം 15(1)-ന്റെ നാലാം വരിയിലെ 'committee at least sixty days before the beginning of the financial year' എന്നത് 'Committee before the month of September every year' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 46)**

ചട്ടം 15(3)-ന്റെ രണ്ടാം വരിയിലെ 'alteration' എന്നത് 'alterations' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 47)**

ചട്ടം 15 (6), 15(7) എന്നിവയിലെ അവസാന വാക്കായ 'auditor' ആരാണെന്ന് വ്യക്തമാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. "Auditor" means an auditor of the Kerala State Audit Department എന്ന നിർവ്വചനം ചട്ടം 2(1)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 48)**

ചട്ടം 15(7)-ൽ ബജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പ്രതിപാദിക്കുന്നത് എന്നതിനാൽ, ഒന്നാം വരിയിലെ 'year' എന്നത് 'financial year' എന്നും നാലാം വരിയിലെ 'supplemental' എന്നത് 'supplementary' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 49)**

ചട്ടം 16-ന്റെ തലക്കെട്ടിലെ *State Haj fund* എന്നതിലെ *'fund'* എന്നത് *'Fund'* എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 50)**

ചട്ടം 16(1)-ലെ രണ്ടാം വരിയിലെ 'shall from' എന്നത് 'shall form' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 51)**

ചട്ടം 16(4)-ന്റെ തുടർച്ചയാണ് (b) എന്നതിനാൽ, ചട്ടം 16(4)(b)-ലെ The State Co-operative Bank എന്നതിലെ 'The' എന്നത് 'the' എന്നും 'Bank' എന്നതിന്റെ അവസാനം '.' എന്ന ചിഹ്നവും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 52)**

ചട്ടം 16(8) പ്രകാരം, സ്റ്റേറ്റ് ഹജ്ജ് ഫണ്ടിൽ നിന്നും 5000-രൂപയ്ക്ക് മുകളിലുള്ള എല്ലാ പേയ്മെന്റുകളും ചെക്ക് മുഖേന ആയിരിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. കൃത്യതയോടെയും കാലതാമസം കൂടാതെയും തുക നൽകുന്നതിനും കണക്കുകളുടെ പരിശോധനയ്ക്ക് സൗകര്യത്തിനും സമയലാഭത്തിനുമായി e-pay മുഖേന കൂടി പേയ്മെന്റുകൾ നടത്താൻ സാധിക്കുംവിധം പ്രസ്തുത ചട്ടം പരിഷ്കരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, 'All payments from State Haj Fund shall be made by cheque/e-pay.' എന്ന് ചട്ടം 16(8) മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 53)**

ചട്ടം 16(9)-ലെ രണ്ടാം വരിയിലെ 'accounts books' എന്നത് 'accounting books' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 54)**

ചട്ടം 16(10)-ലെ രണ്ടാം വരിയിലെ 'brought to the account' എന്നതിലെ 'the' ഒഴിവാക്കി, 'brought to account' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 55)**

ചട്ടം 16(11)-ലെ ഒന്നാം വരിയിലെ 'to ensure the fees' എന്നത് 'to ensure that/ whether the fees' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 56)**

ചട്ടം 16(14)-ലെ ഒന്നാം വരിയിലെ 'committee' എന്നത് 'Committee' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 57)**

ചട്ടം 2(1)(e) പ്രകാരം "Government" means the Government of Kerala എന്ന് നിർവ്വചിച്ചിട്ടുള്ളതിനാൽ, ചട്ടം 16(14)-ലെ രണ്ട്, നാല് വരികളിലെയും ചട്ടം 16(15)-ലെ നാലാം വരിയിലെയും 'State Government' എന്നത് 'Government' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 58)**

ചട്ടം 16(6), 16(8) എന്നിവയിലേതുപോലെ ചട്ടം 16(14)-ലേയും തുക അക്ഷരത്തിൽ ഏകീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ചട്ടം 16(14)-ലെ മൂന്ന്,

നാല് വരികളിലെ 'Rs.10,000/-' എന്നത് 'rupees ten thousand' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 59)**

Local Fund Audit Department എന്നത് 'Kerala State Audit Department' എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, ചട്ടം 17(1)-ലെ ഒന്നാം വരിയിലെ 'The Director of Local fund Audit' എന്നത് 'The Director of Kerala State Audit Department' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 60)**

ചട്ടം 17(3)-ലെ ഒന്നാം വരിയിലെ 'auditors report' എന്നത് 'audit report' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 61)**

ചട്ടം 17(4)-ലെ ഒന്നാം വരിയിലെ 'an auditor in his report be' എന്നത് 'an audit report shall be' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 62)**

ചട്ടം 18(3)-ന്റെ തുടർച്ചയാണ് (a) എന്നതിനാൽ, ചട്ടം 18(3)(a)-ലെ 'Invite' എന്നത് 'invite' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 63)**

ചട്ടം 18(3)-ന്റെ തുടർച്ചയാണ് (b) എന്നതിനാൽ, ചട്ടം 18(3)(b)-ലെ 'Invite quotation publishing' എന്നത് 'invite quotations by publishing' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 64)**

ചട്ടം 16(6), 16(8) എന്നിവയിലേതുപോലെ ചട്ടം 18(3)(a), 18(3)(b) എന്നിവയിലേയും തുക അക്ഷരത്തിൽ ഏകീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ചട്ടം 18(3)(a), 18(3)(b) എന്നിവയിലെ 'Rs.25,000' എന്നത് 'rupees twenty-five thousand' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 65)

ഒരു ഉപചട്ടത്തിന്റെ ആരംഭമായതിനാൽ, ചട്ടം 20(1)-ലെ ആദ്യ വാക്കായ 'the Chairperson' എന്നത് 'The Chairperson' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 66)

ചട്ടം 20(3), ആക്ടിലെ വകുപ്പ് 19 (Notification of members)-ന്റെ ആവർത്തനമാണെന്ന് സമിതി കണ്ടെത്തി. അതിനാൽ, ചട്ടം 20(3) ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 67)

ചട്ടം 21-ലെ ഒന്നാം വരിയിലെ 'a report' എന്നത് ചട്ടം 21-ലെ തലക്കെട്ടിലേതുപോലെ 'an annual report' എന്നും 'on its working' എന്നത് 'on the working' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 68)

ചട്ടം 21 പ്രകാരമുള്ള annual report തയ്യാറാക്കുന്നതിനുള്ള മാതൃകാ ഫാറം ചട്ടത്തിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 69)

ചട്ടം 22-ലെ തലക്കെട്ടിലേതുപോലെ, ചട്ടം 22(1)-ലെ രണ്ടാം വരിയിലെ 'record' എന്നത് 'records' എന്നാക്കണമെന്നും അപേക്ഷകന് നൽകുന്ന രേഖകളുടെ വിവരം ആദ്യ വരികളിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ, നാലാം വരിയിലെ 'of the record or proceedings of which he wants a copy ' എന്നത് ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 70)

ചട്ടം 23(1)-ലെ രണ്ടാം വരിയിലെ 'copy of minutes or record or proceedings or document' എന്നത് 'copies of minutes or records or proceedings or documents' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ (ഖണ്ഡിക 71)

ചട്ടം 23(3)-ന്റെ നാലാം വരിയിലെ 'original' എന്ന വാക്കിനുശേഷം ',' ചിഹ്നം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 72)**

ചട്ടം 24-ലെ ഒന്നാം വരിയിലെ 'or an officers authorised' എന്നത് ചട്ടം 23(3)-ലേതു പോലെ 'or such other officer authorised by him' എന്നും രണ്ടാം വരിയിലെ 'record and proceedings' എന്നത് 'minutes or records or proceedings or any other documents' എന്നും ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 73)**

ചട്ടം 25, ആക്റ്റിലെ വകുപ്പ് 36(4)-ന്റെ ആവർത്തനമാണെന്ന് സമിതി കണ്ടെത്തി. അതിനാൽ, ചട്ടം 25 ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 74)**

ചട്ടം 26-ലെ ഒന്നാം വരിയിലെ 'provision' എന്നത് 'provisions' എന്നും 'rules' എന്നത് 'Rules' എന്നും ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 75)**

വിജ്ഞാപനത്തിന്റെ അവസാന ഭാഗത്തുള്ള Explanatory Note വിജ്ഞാപനത്തിന്റെ ഭാഗമല്ലെങ്കിലും പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ വേണ്ടിയുള്ളതായതിനാൽ അതിൽ വ്യക്തതക്കുറവ് ഉണ്ടാകുവാൻ പാടില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. Haj Committee Act, 1959 റദ്ദാക്കിക്കൊണ്ടാണ് Haj Committee Act, 2002 (Central Act 35 of 2002) നിലവിൽ വന്നതെന്ന് പറയുന്നുണ്ടെങ്കിലും 1959-ലെ എത്രാമത്തെ ആക്റ്റാണ് അതെന്ന് വിശദീകരണക്കുറിപ്പിൽ നിന്നും വ്യക്തമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ചട്ടത്തിൽ മറ്റൊരു സ്ഥലത്തും അത് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ, വിശദീകരണക്കുറിപ്പിലെ 'Haj Committee Act 1959' എന്നത് 'Haj Committee Act, 1959 (Central Act 51 of 1959)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ഖണ്ഡിക നം. 42 മുതൽ 75 വരെ)**

5-2-2024 തീയതിയിൽ എസ്.ആർ.ഒ. നം. 117/2024 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ദി കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി (അമെന്റ്മെന്റ്) റൂൾസ്, 2022</u>
<u>(എസ്.ആർ.ഒ. നമ്പർ 339/2022)</u>

**ശിപാർശ (ഖണ്ഡിക 76)**

'The Government of Kerala' എന്നത് ഏകവചനമായതിനാൽ, ദി കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി (അമെന്റ്മെന്റ്) റൂൾസ്, 2022-ന്റെ പീഠികയിലെ രണ്ടാം

വരിയിലെ 'make' എന്നത് 'makes' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

5-2-2024 തീയതിയിലെ എസ്.ആർ.ഒ. നം.118/2024 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. (അനുബന്ധം -II)

**ശിപാർശ (ഖണ്ഡിക 77)**

ഭേദഗതി ചട്ടം 2(1)(b) പ്രകാരമുള്ള ചട്ടം 2(2)-ലെ രണ്ടാം വരിയിലെ 'meanings' എന്നത് 'meaning' എന്നും 'that Act' എന്നത് 'the Act' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

5-2-2024 തീയതിയിലെ എസ്.ആർ.ഒ. നം. 117/2024 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 78)**

ഭേദഗതി ചട്ടം 2(2)(b) പ്രകാരം ചട്ടം 3(2)-ലെ 'clauses' എന്നത് 'items' എന്നാക്കിയിരിക്കുന്നതിനാൽ, ഭേദഗതി ചട്ടം 2(2)(a)(ii), 2(2)(a)(iii) എന്നിവയിലെ 'clause' എന്നതും 'item' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

5-2-2024 തീയതിയിലെ എസ്.ആർ.ഒ. നം. 118/2024 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 79)**

ഭേദഗതി ചട്ടം 2(3)(a)(i) പ്രകാരമുള്ള ചട്ടം 4(1)-ലെ രണ്ടാം വരിയിലെ 'forty five' എന്ന വാക്ക് വകുപ്പ് 21(1)-ലേതു പോലെ 'forty- five' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

5-2-2024 തീയതിയിലെ എസ്.ആർ.ഒ. നം. 117/2024 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 80)**

ഭേദഗതി ചട്ടം 2(4)(b) പ്രകാരമുള്ള ചട്ടം 5(b)-ലെ ക്ലിപ്ത നിബന്ധനയിലെ 'as may be prescribed.' എന്നത് 2020-ലെ ചട്ടത്തിലേതുപോലെ 'as may prescribed.' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

5-2-2024 തീയതിയിലെ എസ്.ആർ.ഒ. നം. 118/2024 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക 81)**

ഭേദഗതി ചട്ടം 2(5)(b) പ്രകാരമുള്ള ചട്ടം 7(2)-ലെ 'sub rule (1) of rule 8' എന്നതിലെ rule 8 ഇതുമായി ബന്ധമില്ലാത്തതിനാൽ, 'of rule 8' എന്നത് ഒഴിവാക്കി 'sub rule (1),' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

5-2-2024 തീയതിയിലെ എസ്.ആർ.ഒ. നം. 117/2024 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.

<u>എസ്.ആർ.ഒ. നമ്പർ 740/2021</u>

**ശിപാർശ (ഖണ്ഡിക 82)**

2002-ലെ ഹജ്ജ് കമ്മിറ്റി ആക്ടിലെ വകുപ്പ് 22(1) പ്രകാരം കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനാണ് എസ്.ആർ.ഒ.നമ്പർ 740/2021 പ്രസിദ്ധീകരിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ആക്ടിലെ വകുപ്പ് 20(1) പ്രകാരം, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിലെ അംഗങ്ങളുടെ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അടുത്ത ദിവസം മുതൽ മൂന്ന് വർഷമായിരിക്കും പ്രസ്തുത കമ്മിറ്റിയുടെ കാലാവധിയെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ അംഗങ്ങളുടെ പട്ടിക ഉൾപ്പെട്ട 16-9-2021-ലെ ജി.ഒ.(പി.)24/2021/ജി.എ.ഡി. സർക്കാർ ഉത്തരവ് എസ്.ആർ.ഒ. നമ്പർ 746/2021 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് 12-10-2021-ലാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആക്ടിലെ വകുപ്പ് 20(1) പ്രകാരം, പുനഃസംഘടിപ്പിക്കപ്പെട്ട പുതിയ കമ്മിറ്റി 13-10-2021-ൽ മാത്രമേ നിലവിൽ വരുകയുള്ളൂവെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ, എസ്.ആർ.ഒ. നമ്പർ 740/2021-ൽ അംഗങ്ങളുടെ പട്ടികയില്ലാതെ, ആക്ടിന് വിരുദ്ധമായി 21-7-2021 മുതൽ മുൻകാല പ്രാബല്യം നൽകിയത് അനുചിതമാണെന്നും അതിന് നിയമസാധുതയില്ലാത്തതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, 21-7-2021 മുതൽ 12-10-2021 വരെയുള്ള 84 ദിവസ കാലയളവിൽ കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി നിയമപ്രകാരമല്ല പ്രവർത്തിച്ചതെന്ന് കരുതേണ്ടിവരുമെന്ന് സമിതി വിലയിരുത്തുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

സബോഡിനേറ്റ് ലെജിസ്ലേഷൻ സമിതി നിരീക്ഷണം നടത്തിയതുപോലെ 21-7-2021 മുതൽ ഹജ്ജ് കമ്മിറ്റിയിലെ പുതിയ അംഗങ്ങൾ പ്രവർത്തിച്ചിരുന്നില്ല . കാരണം പുതിയ ഹജ്ജ് കമ്മിറ്റി അംഗങ്ങളിൽ നിന്ന് ചെയർമാനെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള ആദ്യ യോഗം 3-11-2021 തീയതിയിൽ ആണ് നടന്നത്. ചെയർമാനെ തെരഞ്ഞെടുത്തതിന് ശേഷം മാത്രമാണ് കമ്മിറ്റി പ്രവർത്തിച്ച് തുടങ്ങിയത് .

**ശിപാർശ (ഖണ്ഡിക 83)**

ആക്ടിലെ വകുപ്പ് 20(1) പ്രകാരം, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിലെ അംഗങ്ങളുടെ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അടുത്ത ദിവസം മുതൽ മൂന്ന് വർഷമായിരിക്കും പ്രസ്തുത കമ്മിറ്റിയുടെ കാലാവധി എന്നതിനാൽ അംഗങ്ങളുടെ പട്ടിക ഇല്ലാതെയും കമ്മിറ്റിയുടെ കാലാവധി മുൻകൂട്ടി നിശ്ചയിച്ച് കൊണ്ടും എസ്.ആർ.ഒ. നമ്പർ 740/2021 പ്രസിദ്ധീകരിച്ചത് ആക്ടിന് അനുസൃതമല്ലാത്തതിനാൽ പ്രസ്തുത എസ്.ആർ.ഒ. റദ്ദാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

5-2-2024 തീയതിയിലെ എസ്.ആർ.ഒ. നം. 119/2024 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. (അനുബന്ധം -III)

**ശിപാർശ (ഖണ്ഡിക 84)**

21-7-2021 മുതൽ 12-10-2021 വരെയുള്ള 84 ദിവസ കാലയളവിൽ കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി ചെയർപേഴ്സനും അംഗങ്ങളും ബത്തയായും മറ്റ് ആനുകൂല്യങ്ങളായും കൈപ്പറ്റിയ തുക തിരികെ പിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിക്കുമ്പോൾ കമ്മിറ്റിയിലെ അംഗങ്ങളുടെ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അടുത്ത ദിവസം മുതൽ മാത്രം നിലവിൽ വന്നതായി കണക്കാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

പുതിയ ഹജ്ജ് കമ്മിറ്റി അംഗങ്ങളിൽ നിന്ന് ചെയർമാനെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള ആദ്യ യോഗം 3-11-2021 തീയതിയിൽ ആണ് നടന്നത്. ചെയർമാനെ തെരഞ്ഞെടുത്തതിന് ശേഷം മാത്രമാണ് കമ്മിറ്റി പ്രവർത്തിച്ച് തുടങ്ങിയത് . ആയതിനാൽ സമിതി പറഞ്ഞിരിക്കുന്ന 21-7-2021 മുതൽ 12-10-2021 വരെയുള്ള 84 ദിവസ

കാലയളവിൽ കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി ചെയർപേഴ്സനും അംഗങ്ങളും ബത്തയും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റിയിട്ടില്ല. ഭാവിയിൽ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിക്കുമ്പോൾ കമ്മിറ്റിയിലെ അംഗങ്ങളുടെ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അടുത്ത ദിവസം മുതൽ മാത്രം നിലവിൽ വന്നതായി കണക്കാക്കുന്നതാണ് .

എസ്.ആർ.ഒ. നമ്പർ 746/2021

**ശിപാർശ (ഖണ്ഡിക 85)**

2002-ലെ ഹജ്ജ് കമ്മിറ്റി ആക്റ്റിലെ വകുപ്പ് 19 പ്രകാരം കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള അംഗങ്ങളുടെ പട്ടിക ഉൾപ്പെട്ട 16-9-2021-ലെ ജി.ഒ.(പി.)24/2021/ജി.എ.ഡി. സർക്കാർ ഉത്തരവ് എസ്.ആർ.ഒ. നമ്പർ 746/2021 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് 12-10-2021-ലാണെന്ന് സമിതി നിരീക്ഷിക്കുന്നു. കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിലെ അംഗങ്ങളുടെ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അടുത്ത ദിവസം മുതൽ മൂന്ന് വർഷമായിരിക്കും പ്രസ്തുത കമ്മിറ്റിയുടെ കാലാവധിയെന്ന് ആക്റ്റിലെ വകുപ്പ് 20(1)-ൽ വ്യവസ്ഥ ചെയ്തിരിന്നിട്ടും കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള 16-9-2021-ലെ സർക്കാർ ഉത്തരവ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് 26 ദിവസം വേണ്ടിവന്നുവെന്ന് സമിതി കണ്ടെത്തി. സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന അന്നുതന്നെ ഇ-ഗസറ്റ് ആയി പ്രസിദ്ധപ്പെടുത്താൻ സാധിക്കുന്ന ഈ കാലഘട്ടത്തിൽ, ഉത്തരവ് പുറപ്പെടുവിച്ച് 26 ദിവസത്തിനു ശേഷം ഗസറ്റ് വിജ്ഞാപനം ചെയ്തത് ന്യായീകരിക്കുവാൻ സാധിക്കുന്നതല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഭാവിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന അന്നോ അല്ലെങ്കിൽ അതിന് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെയോ ഗസറ്റ് വിജ്ഞാപനം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശ പ്രകാരം, ഭാവിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന അന്നോ അല്ലെങ്കിൽ അതിന് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെയോ ഗസറ്റ് വിജ്ഞാപനം ചെയ്യാൻ ശ്രമിക്കുന്നതാണ് .

**ശിപാർശ (ഖണ്ഡിക 86)**

ക്രമ നമ്പർ 4, 5, 6, 11, 14 എന്നിവയിലെ ഉൾക്കുറിപ്പിലെ മേൽവിലാസത്തിൽ പിൻകോഡ് നമ്പരും ക്രമ നമ്പർ 16-ൽ മേൽവിലാസവും കൂടി ഉൾപ്പെടുത്തി ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 87)**

Five members representing Muslim voluntary organisations working in the fields of public administration, finance, education, culture or social work shall be nominated in the State Committee by the State Government എന്ന് ആക്റ്റിലെ വകുപ്പ് 18(1)(iv)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവിൽ public administration, finance, education, culture, social work എന്നീ മേഖലകളിലെ അംഗങ്ങൾ ഉൾപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി, ക്രമ നമ്പർ 9 -ലേതുപോലെ, ക്രമ നമ്പർ 10 മുതൽ 14 വരെയുള്ളവയുടെ ഉൾക്കുറിപ്പിൽ, അവർ ഏത് മേഖലയിൽ നിന്നുള്ളവരാണെന്ന് കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 88)**

11-8-2021-ലെ ജി.ഒ.(പി.)22/2021/ ജി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് മുഖേന കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി അംഗങ്ങളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ടെങ്കിലും എസ്.ആർ.ഒ. നമ്പർ നൽകി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലെന്നും പ്രസ്തുത ഉത്തരവിലെ ഒരംഗത്തെ മാറ്റി മറ്റൊരംഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും Explanatory Note-ൽ നിന്നും സമിതി മനസ്സിലാക്കുന്നു. കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിലെ അംഗങ്ങളുടെ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അടുത്ത ദിവസം മുതൽ മൂന്ന് വർഷമായിരിക്കും പ്രസ്തുത കമ്മിറ്റിയുടെ കാലാവധിയെന്ന് ആക്റ്റിലെ വകുപ്പ് 20(1)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും 11-8-2021-ലെ സർക്കാർ ഉത്തരവ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാലും, പ്രസ്തുത ഉത്തരവിലുള്ളവരെ കമ്മിറ്റി അംഗങ്ങളായി പരിഗണിക്കുവാൻ സാധിക്കുകയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത ഉത്തരവിന് നിയമസാധുതയില്ലാത്തതിനാൽ, Explanatory Note-ലെ ആദ്യ വാക്യം മാത്രം നിലനിർത്തി ബാക്കിയുള്ള രണ്ട് വാക്യങ്ങളും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി (ഖണ്ഡിക നം. 86, 87, 88)**

5-2-2024 തീയതിയിലെ എസ്. ആർ. ഒ. നം. 120/2024 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. (അനുബന്ധം -IV)

**ശിപാർശ (ഖണ്ഡിക 89)**

ആക്റ്റിലെ വകുപ്പ് 18(1) പ്രകാരം, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിൽ എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെ 16 അംഗങ്ങളാണ് ഉള്ളതെന്നും ആക്റ്റിലെ വകുപ്പ് 20(1) പ്രകാരം,

കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിലെ അംഗങ്ങളുടെ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ട താണെന്നും സമിതി വിലയിരുത്തുന്നു. സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിൽ മലപ്പുറം ജില്ലാ കളക്ടറെയാണ് എക്സിക്യൂട്ടീവ് ഓഫീസറായി നാമനിർദ്ദേശം ചെയ്തുവന്നിരുന്നതെങ്കിലും പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയെയാണ് നിലവിൽ എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആക്റ്റിലെ വകുപ്പ് 20(1) പ്രകാരം, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിലെ അംഗങ്ങളുടെ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നിട്ടും പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയെ നിലവിൽ എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചിരിക്കുന്നത് ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടില്ലെന്ന് സമിതി കണ്ടെത്തി. അതിനാൽ, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിലെ എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുമ്പോൾ അത് ഗസറ്റ് വിജ്ഞാപനം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയിലെ എക്സിക്യൂട്ടീവ് ഓഫീസറുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനമായതിനാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും [പൊതുഭരണ (സ്പെഷ്യൽ -ഇ)/ AIS -A] സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഗസറ്റ് വിജ്ഞാപനം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

<u>എസ്.ആർ.ഒ. നമ്പർ 806/2021</u>

**ശിപാർശ (ഖണ്ഡിക 90)**

2002-ലെ ഹജ്ജ് കമ്മിറ്റി ആക്റ്റിലെ വകുപ്പ് 21(1), 21(3) പ്രകാരം കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയിലെ ചെയർപേഴ്സനെ തെരഞ്ഞെടുത്ത വിവരം 5-11-2021-ലെ ജി.ഒ.(പി.)32/2021/ജി.എ.ഡി. നമ്പർ സർക്കാർ ഉത്തരവായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി യിരിക്കുന്നത് എസ്.ആർ.ഒ. നമ്പർ 806/2021 മുഖേനയാണെന്ന് സമിതി നിരീക്ഷിക്കുന്നു. 11-8-2021 -ലെ ജി.ഒ.(പി) 23/2021/ജി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് (എസ്.ആർ.ഒ. നമ്പർ 740/2021) കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിച്ചതെന്നാണ് എസ്.ആർ.ഒ. നമ്പർ 806/2021-ലും അതിന്റെ വിശദീകരണ കുറിപ്പിലും രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും പ്രസ്തുത ഉത്തരവിൽ അംഗങ്ങളുടെ പട്ടിക ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, അംഗങ്ങളുടെ പട്ടിക ഉൾപ്പെട്ട 16-9-2021 -ലെ ജി.ഒ.(പി.) 24/2021/ജി.എ.ഡി. നമ്പർ സർക്കാർ ഉത്തരവും അതിന്റെ എസ്.ആർ.ഒ. നമ്പരായ 746/2021-ഉം ഗസറ്റ് വിജ്ഞാപന നമ്പരും തീയതിയും എസ്.ആർ.ഒ. നമ്പർ 806/2021-ൽ

ഉൾപ്പെടുത്തുന്നതാണ് ഉചിതമെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, 'G.O.(P) NO. 23/2021/GAD dated 11th August 2021 and published as S.R.O. No. 740/2021 in the Kerala Gazette Extraordinary No. 2954 dated the 8th October 2021' എന്നത് 'G.O.(P.) NO. 24/2021/GAD dated 16th September 2021 and published as S.R.O. No. 746/2021 in the Kerala Gazette Extraordinary No. 2993 dated 12th October 2021 ' എന്ന് എസ്.ആർ.ഒ. നമ്പർ 806/2021 -ലും അതിന്റെ വിശദീകരണ കുറിപ്പിലും ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

5-2-2024 തീയതിയിലെ എസ്.ആർ.ഒ. നം. 121/2024 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. (അനുബന്ധം -V)

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് 20-3-2024 തീയതിയിലെ എം.ഡബ്ല്യൂ.2/58/2023/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കുകയുണ്ടായ മറുപടികൾ 22-5-2024-ലെ യോഗത്തിൽ പരിഗണിച്ച സമിതി ഖണ്ഡിക 10, 41 എന്നിവയിന്മേൽ ലഭിച്ച മറുപടികൾ ഒഴികെയുള്ളവ അംഗീകരിക്കുകയും ഖണ്ഡിക 10 -ലെ സമിതിയുടെ ശിപാർശ പ്രകാരമുള്ള ഭേദഗതി ചട്ടത്തിൽ വരുത്തിയതായി കാണാത്തതിനാൽ ആയത് സംബന്ധിച്ച് നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ടും ഖണ്ഡിക 41 -ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളുടെ അന്തിമ റിപ്പോർട്ടും ലഭ്യമാക്കുന്നതിന് വകുപ്പിന് തുടർശിപാർശ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## അദ്ധ്യായം - II

**സമിതി (2021-2023) -യുടെ ഇരുപതാമത് റിപ്പോർട്ടിന്മേൽ സർക്കാരിൽ നിന്നും മറുപടി/അന്തിമ മറുപടി ലഭിക്കാനുള്ള ശിപാർശകളും സമിതിയുടെ തുടർശിപാർശയും.**

**ശിപാർശ (ഖണ്ഡിക 10)**

ചട്ടം 3(1)(d)-ലെ 'Shiya' എന്ന വാക്ക് വകുപ്പ് 18(1)(iii) -ലേതുപോലെ 'Shia' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 41)**

ചട്ടം 14 പ്രകാരം, ഹജ്ജ് കമ്മിറ്റിയുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായതും ഹജ്ജ് ഫണ്ട് അക്കൗണ്ടിൽ നിന്നും ശമ്പളവും ബത്തകളും നൽകേണ്ടതുമായ സ്ഥിരം/ താൽക്കാലിക ജീവനക്കാരുടെ എണ്ണവും തസ്തികകളുടെ പേരും ശമ്പള സ്കെയിലും യോഗ്യതയും

നിയമനരീതിയും നിശ്ചയിച്ചുകൊണ്ടുള്ള വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഹജ്ജ് കമ്മിറ്റിയുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രസ്തുത ജീവനക്കാരുടെ നിയമനത്തിനുള്ള വിശേഷാൽ ചട്ടങ്ങൾ (Special Rules) അടിയന്തരമായി പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**തുടർശിപാർശ**

**ഖണ്ഡിക നം. 10, 41 എന്നിവയിലെ ശിപാർശകളിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിൽ നിന്നും അന്തിമ നടപടി പത്രിക ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.**

എം. എം. മണി,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജൂലൈ 1.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.